പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207

23.01.2014 ൽ മറുപടിയ്ക്ക്

# സംസ്ഥാന സഹകരണ ബാങ്കിന്റെ അധിക വിഭവസമാഹരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്ക് അധിക വിഭവസമാഹരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്റ്റിലെ സെക്ഷൻ 11(1) പ്രകാരമുള്ള നിശ്ചിത മൂലധന പര്യാപ്തത (CRAR) കൈവരിക്കണമെന്നും, 30.06.2013 ന് കുറഞ്ഞത് 4 ശതമാനവും 31.03.2014 ന് 7 ശതമാനവും മൂലധന പര്യാപ്തത (CRAR) കൈവരിക്കണമെന്നും ഭാരതീയ റിസർവ്വ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന സഹകരണ ബാങ്ക് അധിക വിഭവ സമാഹരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) അധിക വിഭവ സമാഹരണത്തിലൂടെ മൂലധനം സമാഹരിച്ച് മൂലധന പര്യാപ്തത കൈവരിച്ച് ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസ് നിലനിർത്തുക, കുടിശ്ശിക പിരിച്ചെടുത്ത് ബാങ്കിന്റെ NPA കുറച്ച് ബാങ്കിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തി അതുവഴി മൂലധന പര്യാപ്തത കൈവരിക്കുക എന്നിവയാണ് ഈ വിഭവ സമാഹരണത്തിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) ബാങ്കിന്റെ മൂലധന പര്യാപ്തത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) ബാങ്കിന്റെ കുടിശ്ശിക പരമാവധി ഈടാക്കി NPA കുറച്ചുകൊണ്ട് ലാഭക്ഷമത കൈവരിക്കുക, അംഗ സംഘങ്ങളിൽ നിന്നും സർക്കാരിൽ നിന്നും അധിക ഓഹരി മൂലധനം സമാഹരിക്കുക, മൂലധന പര്യാപ്തത |

| | | |
|---|---|---|
| | | കൈവരിക്കുന്നതിന് ഗുണകരമായ കറന്റ് അക്കൗണ്ട്/സേവിംഗ്സ് അക്കൗണ്ട് (CASA) ശേഖരിക്കുക എന്നിവയാണ് മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി വിഭവ സമാഹരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദീർഘകാല നിക്ഷേപം സ്വീകരിക്കൽ, ബോണ്ട്/കടപത്രം എന്നിവ പുറപ്പെടുവിക്കുന്ന കാര്യവും ബാങ്ക് പരിഗണിക്കുന്നുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) സംസ്ഥാന സഹകരണ ബാങ്കിന്റെ അംഗ സംഘങ്ങളായ 14 ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും അധിക ഓഹരി മൂലധനമായി 102.50 കോടി രൂപാ സമാഹരിച്ചിട്ടുണ്ട്. അധിക ഓഹരി മൂലധനത്തിനായി സർക്കാരിനോട് അപേക്ഷിച്ചത് പ്രകാരം സർക്കാരിന്റെ 27.06.2013 ലെ സ.ഉ (സാധാ) നം. 418/2013/സഹ നമ്പർ ഉത്തരവ് പ്രകാരം ബാങ്കിന് 70 കോടി രൂപ സർക്കാർ ഓഹരിയായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ